ദേശാഭിമാനി 2021 ഡിസംബർ 6

# വിദ്യാലയങ്ങളിൽ ഊർജ സംരക്ഷണ പ്രചാരണം നടത്തും

**തിരുവനന്തപുരം**

ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ പങ്ക് നിർണായകമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഊർജ സംരക്ഷണ ക്യാമ്പയിനുകൾ ആരംഭിക്കും. ദേശീയ ഊർജ സംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായുള്ള ചിത്രരചനാ മത്സരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

എം കെ ഷെൻമോൻ മുഖ്യപ്രഭാഷണം നടത്തി. ഇഎംസി ഡയറക്ടർ ആർ ഹരികുമാർ, കൗൺസിലർ രാഖി രവികുമാർ, എം ബാലസുന്ദരം, എ വിൻസെന്റ്, എം ലീന, ആർ പ്രദീപ് കുമാർ എന്നിവർ സംസാരിച്ചു. ഊർജ സംരക്ഷണ ബോധവൽക്കരണ സെമിനാറിൽ അനീഷ് രാജേന്ദ്രൻ, കെ ആർ രാജീവ് എന്നിവർ ക്ലാസെടുത്തു. ബ്യൂറാ ഓഫ് എനർജി എഫിഷ്യൻസി, നാഷണൽ തെർമൽ പവർകോർപറേഷൻ, എനർജി മാനേജ്മെന്റ് സെന്റർ നേതൃത്വത്തിലാണ് മത്സരം.